**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **08-10-2024 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായങ്ങൾക്ക് കെ.എസ്.ഇ.ബി.യുടെ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട വ്യവസായങ്ങൾക്ക് കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡിന്റെ അഞ്ചാം ഭേദഗതി പ്രകാരം 5 എച്ച്.പി വരെയുള്ള ചെറുകിട വ്യവസായങ്ങൾ പ്രത്യേക കണക്ഷൻ എടുക്കേണ്ടതില്ല. പകര നിലവിലുള്ള അവരുടെ ഗാർഹിക കണക്ഷനിൽ നിന്നു തന്നെ ഉപയോഗിക്കാവുന്നതാണ്. ഇതിനു പുറമേ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാവസായിക താരിഫ് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം.<br><br>ഈയിടെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച താരിഫ പരിഷ്കരണ ശിപാർശകളിൽ 20 കിലോവാട്ടിനു മുകളിൽ കണക്റ്റഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്ക് പകൽ സമയത്ത് എനർജി ചാർജ് 10% കുറയ്ക്കാനുള്ള നിർദ്ദേശങ്ങളുണ്ട്. മൊത്തത്തിൽ ടി കാറ്റഗറിക്ക് ശുപാർശ ചെയ്ത വർദ്ധനവാകട്ടെ കേവലം 0.58% മാത്രമാണ്. IT അധിഷ്ഠിത വ്യവസായങ്ങൾക്കും സമാനമായ രീതിയിൽ ഇളവുകൾ ശിപാർശ ചെയ്തിട്ടുണ്ട്. ടി ഇളവുകൾ കണക്കിലെടുത്താൽ 2024-25 കാലഘട്ടത്തിൽ യാതൊരു വർദ്ധനവും IT അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇല്ലെന്ന് കാണാം.<br><br>കെ.എസ്.ഇ.ബി.എൽ. കേന്ദ്രീകൃതമായി ആവശ്യമായ സാധന സാമഗ്രികൾ വാങ്ങാനായി ക്ഷണിക്കുന്ന ടെണ്ടറുകളിൽ പങ്കെടുക്കുന്ന കേരളത്തിനകത്തുള്ള PSU/MSME കൾക്ക് ഗവണ്മെന്റ് ഓർഡർ |

| | | | |
|---|---|---|---|
| | | | പ്രകാരം ഉള്ള പർച്ചെയ്സ്/പ്രൈന<br>പ്രിഫറൻസ് നൽകി വരുന്നു .<br><br>ചെറുകിട വ്യവസായങ്ങൾക്കും രണ<br>രേഖകളുടെ അടിസ്ഥാനത്തിൽ മാത്ര<br>(ഓണർഷിപ്പ്, ഐഡന്റിറ്റി) പുതിയ സർവീസ<br>കണക്ഷൻ നൽകി വരുന്നു.<br><br>100 കെ.വി.എ.-യ്ക്ക് മുകളിൽ ഹൈ ടെൻഷന<br>കണക്ഷനുകൾ വേണം എന്നിരിക്കെ<br>വ്യവസായ പാർക്കുകളിൽ ചെറുകിട<br>വ്യവസായങ്ങൾക്ക് 150 കെ വി എ വരെ ഉള്ള<br>കണക്ഷനുകൾ ലോ ടെൻഷൻ സർവീസ<br>നൽകി വരുന്നു .<br><br>ഗാർഹിക ഉപഭോക്താക്കൾക്ക് 5 HP / 4 kW<br>വരെ കണക്ടഡ് ലോഡ് ഉപയോഗിച്ച<br>ഭവനത്തിനുള്ളിൽ ചെയ്യുന്ന ചെറു<br>വ്യവസായങ്ങളെ "നാനോ ഹൗസ് ഹോൾഡ<br>യൂണിറ്റ്" ആയി പരിഗണിച്ച് ഗാർഹിക<br>നിരക്കിൽ വൈദ്യുതി നൽകി വരുന്നു. |
| (ബി) | പണം അടച്ചിട്ടും ചെറുകിട വ്യവസായ മേഖലയിലേക്ക് ട്രാൻസ്ഫോമർ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തേക്കുള്ള 1400 എണ്ണം 100 കെ വി എ ട്രാൻസ്ഫോർമറുകളുടെ പർച്ചേസ് ഓർഡർ കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ KEL- നു 15.09.2022 - ൽ നല്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ 260 എണ്ണം ട്രാൻസ്ഫോർമറുകൾ KEL KSEBL-ന് നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഓർഡർ അടുത്ത അർഹതപ്പെട്ട ബിഡ്ഡർ ആയ യൂണി പവറിനു കെ.എസ്.ഇ.ബി.എൽ. നൽകിയിരുന്നു.<br><br>അതുപോലെ 2023 -24 വർഷത്തെ ദർഘാസിൽ L1 ബിഡ്ഡർ ആയ KEL ന് 100 കെ വി എ (1198 എണ്ണം), 160 കെ.വി.എ. (340 എണ്ണം), 315 കെ.വി.എ. (5 എണ്ണം), 500 കെ.വി.എ. (11 എണ്ണം) ട്രാൻസ്ഫോർമറുകളുടെ ഓർഡർ 04.07.2023-ന് നല്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ 65 എണ്ണം 160 കെ.വി.എ.-യുടെയും 4 എണ്ണം 500 കെ.വി.എ.-യുടെയും ട്രാൻസ്ഫോർമറുകൾ മാത്രമാണ് KEL സമയബന്ധിതമായി നൽകിയിട്ടുള്ളത്. ആയതിനാൽ 100 കെ.വി.എ. (700 എണ്ണം), 160 കെ.വി.എ. (275 എണ്ണം), 315 കെ.വി.എ. (5 എണ്ണം) എന്നീ ട്രാൻസ്ഫോർമറുകളുടെ പർച്ചേസ് ഓർഡർ ദർഘാസിൽ പങ്കെടുത്ത L2 ബിഡ്ഡറായ ട്രാൻസ്കോൺ ഇൻഡസ്ട്രീസ് (100 കെ.വി.എ.) യൂണിപവർ സിസ്റ്റംസ് (160 കെ വി എ) കന്യകപരമേശ്വരി (315 കെ.വി.എ.) എന്നിവർക്ക് മാറ്റി നൽകേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ 2023-24 വർഷത്തേക്കുള്ള 100 |

| | | | |
|---|---|---|---|
| | | | കെ.വി.എ., 160 കെ.വി.എ., 315 കെ.വി.എ., 500 കെ.വി.എ. ട്രാൻസ്ഫോർമറുകളുടെ ലഭ്യതയിൽ കാലതാമസം വന്നിട്ടുണ്ട്. |
| (സി) | വൈദ്യുതി ബോർഡിന് ട്രാൻസ്ഫോമർ നൽകുന്നത് ഏത് കമ്പനിയാണ്; പ്രസ്തുത കമ്പനി കൃത്യമായി ബോർഡിന് ട്രാൻസ്ഫോമർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷത്തേക്കുള്ള 1400 എണ്ണം 100 കെ വി എ ട്രാൻസ്ഫോർമറുകളുടെ പർച്ചേസ് ഓർഡർ കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ KEL- നു 15.09.2022 - ൽ നല്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ 260 എണ്ണം ട്രാൻസ്ഫോർമറുകൾ KEL KSEBL-ന് നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഓർഡർ അടുത്ത അർഹതപ്പെട്ട ബിഡ്ഡർ ആയ യൂണി പവറിനു കെ.എസ്.ഇ.ബി.എൽ. നൽകിയിരുന്നു.<br><br>അതുപോലെ 2023 -24 വർഷത്തെ ദർഘാസിൽ L1 ബിഡ്ഡർ ആയ KEL ന് 100 കെ വി എ (1198 എണ്ണം), 160 കെ.വി.എ. (340 എണ്ണം), 315 കെ.വി.എ. (5 എണ്ണം), 500 കെ.വി.എ. (11 എണ്ണം) ട്രാൻസ്ഫോർമറുകളുടെ ഓർഡർ 04.07.2023-ന് നല്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ 65 എണ്ണം 160 കെ.വി.എ.-യുടെയും 4 എണ്ണം 500 കെ.വി.എ.-യുടെയും ട്രാൻസ്ഫോർമറുകൾ മാത്രമാണ് KEL സമയബന്ധിതമായി നൽകിയിട്ടുള്ളത്. ആയതിനാൽ 100 കെ.വി.എ. (700 എണ്ണം), 160 കെ.വി.എ. (275 എണ്ണം), 315 കെ.വി.എ. (5 എണ്ണം) എന്നീ ട്രാൻസ്ഫോർമറുകളുടെ പർച്ചേസ് ഓർഡർ ദർഘാസിൽ പങ്കെടുത്ത L2 ബിഡ്ഡറായ ട്രാൻസ്കോൻ ഇൻഡസ്ട്രീസ് (100 കെ.വി.എ.) യൂണിപവർ സിസ്റ്റംസ് (160 കെ വി എ) കന്യകപരമേശ്വരി (315 കെ.വി.എ.) എന്നിവർക്ക് മാറ്റി നൽകേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ 2023-24 വർഷത്തേക്കുള്ള 100 കെ.വി.എ., 160 കെ.വി.എ., 315 കെ.വി.എ., 500 കെ.വി.എ. ട്രാൻസ്ഫോർമറുകളുടെ ലഭ്യതയിൽ കാലതാമസം വന്നിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പൊതു നിരത്തുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ തെളിയിക്കുന്നതിന് ആവശ്യമായ ട്യൂബ് ലൈറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്തിച്ചിട്ടുണ്ടോ; അവ കൃത്യമായി സ്ഥാപിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; സ്ട്രീറ്റ് ലൈറ്റുകൾ തെളിയിക്കുന്നതുമായി ബന്ധപെട്ട് ഇപ്പോൾ കെ.എസ്.ഇ.ബി.യുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്ന മാറ്റം എന്തൊക്കെയാണ്; ഇത് സംബന്ധിച്ച് പൊതുജനങ്ങൾ ആർക്കാണ് പരാതി നൽകേണ്ടത്; വിശദമാക്കാമോ? | (ഡി) | തെരുവ് വിളക്കുകളുടെ സ്ഥാപനവും അവയുടെ പരിപാലനവും നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിന് ആവശ്യമായ സൂപ്പർവിഷൻ മാത്രമാണ് കെ.എസ്.ഇ.ബി.എൽ ചെയ്തുവരുന്നത്. എന്നാൽ നിലാവ് പദ്ധതിയിൽ സ്ഥാപിക്കുന്ന തെരുവ് വിളക്കുകളിൽ LED ബൾബുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് EESL മുഖേന നൽകിവരുന്നു. ഇവ സ്ഥാപിക്കുന്ന പ്രവൃത്തികളും കെ.എസ്.ഇ.ബി.എൽ. ചെയ്തു വരുന്നു. കൂടാതെ ചുരുക്കം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റ പണികൾക്ക് ആവശ്യമുള്ള തുക ബോർഡിൽ നിക്ഷേപിച്ച് |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപണികൾ ബോർഡിനെകൊണ്ട് ചെയ്യിപ്പിക്കുന്നുണ്ട്.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക നിക്ഷേപിക്കുമ്പോൾ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിച്ച് ലൈറ്റുകൾ സ്വയം പ്രകാശിക്കുകയും അണയുകയും ചെയ്യുന്ന സംവിധാനം കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്നുണ്ട്. ഈ സംവിധാനം എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി പ്രകാശിപ്പിക്കുവാനും അണയ്ക്കുവാനും സാധിയ്ക്കുന്നതാണ്.<br><br>സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട പരാതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ